(Pages : 4) **G – 4388**

Reg. No. : ..............................

Name : ..................................

**Second Semester M.A. Degree Examination, July 2019**

**Branch : Malayalam Language and Literature**

**ML 222 : ആധുനികസാഹിത്യം - പദ്യം**

**(Common for Malayalam Language and Literature and Malayalam with Media Studies)**

**(2013 Admission onwards)**

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'കോമപ്പൻ' എന്ന ഭാഷാകാവ്യത്തിൽ തെളിയുന്ന പച്ചമലയാള പ്രസ്ഥാനപ്രവണതകൾ എന്തെല്ലാം?

അല്ലെങ്കിൽ

(b) മുക്തകങ്ങളിൽ തെളിയുന്ന കാൽപ്പനികസ്വഭാവങ്ങൾ എന്തെല്ലാം?

2. (a) ഒരു കാല്പനികകാവ്യമെന്ന നിലയ്ക്ക് മലയവിലാസത്തെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) മയൂരസന്ദേശം എന്ന സന്ദേശകാവ്യപ്രസ്ഥാനത്തിന്റെ സ്വഭാവങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ടോ? വിശകലനം ചെയ്യുക.

P.T.O.

gcwcentrallibrary.in

3. (a) വള്ളത്തോളിന്റെ രചനാശൈലി 'അച്ഛനും മകളും' എന്ന ഖണ്ഡകാവ്യത്തിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

അല്ലെങ്കിൽ

(b) 'പരിണാമം' എന്ന കവിതയെ വിശകലനം ചെയ്യുക.

4. (a) ഉള്ളൂർക്കവിതയുടെ സവിശേഷതകൾ ഭക്തിദീപികയിൽ പ്രകടമാകുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

അല്ലെങ്കിൽ

(b) ചന്ദനക്കട്ടിൽ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

5. (a) "പുഞ്ചിരി ഹാ! കുലീനമാം കള്ളം-

നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം" - കുടിയൊഴിക്കൽ എന്ന കാവ്യം ഈ വരികളെ സാധൂകരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പ്രകൃതിബിംബങ്ങൾ കളിയച്ഛൻ എന്ന കവിതയുടെ ഭാവതലത്തെ പൂരിപ്പിക്കുന്നതെങ്ങനെ?

6. (a) 'കാവിലെപാട്ട്' മാതൃദേവതാരാധനയുടെ കാവ്യരൂപമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

അല്ലെങ്കിൽ

(b) 'വിണ്ടകാലടികൾ' മനുഷ്യായുസ്സിന്റെ അനുഭവങ്ങളുടെ അടയാളമാകുന്നതെങ്ങനെ?

7. (a) 'വീരതിലകം ചാർത്തിനില്ക്കും വടക്കൻപാട്ടിനെ' വടക്കൻ പാട്ട് എന്ന കവിതയിൽ വിവരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) പുതിയ കൊല്ലനും പുതിയൊരാലയും മാറ്റത്തിന്റെ ശംഖനാദമാകുന്നതെങ്ങനെയെന്ന് വിവരിക്കുക.

**(7 × 3 = 21 Marks)**



gcwcentrallibrary.in

II. ഓരോ ചോദ്യത്തിനും നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) പച്ചമലയാളപ്രസ്ഥാനം കേവലം ഭാഷാപരമായ പരീക്ഷണം മാത്രമായിരുന്നുവോ? വിശകലനം ചെയ്യുക.

അല്ലെങ്കിൽ

(b) നിയോക്ലാസ്സിക്ക് ഭാവുകത്വത്തിന്റെ പ്രതിഫലനങ്ങളാണ് രാമചന്ദ്രവിലാസവും മയൂരസന്ദേശവും എന്ന പ്രസ്താവനയെ വിലയിരുത്തുക.

9. (a) വിലാപകാവ്യപ്രസ്ഥാനത്തിൽ 'ഒരു വിലാപ'ത്തിനുള്ള സ്ഥാനം നിർണ്ണയിക്കുക.

അല്ലെങ്കിൽ

(b) 'അവനിവാഴ്വു കിനാവു കഷ്ടം' എന്ന തിരിച്ചറിവിലേയ്ക്ക് കുമാരനാശാൻ എത്തിച്ചേരുന്നതെങ്ങനെ?

10. (a) 'മഴുവിന്റെ കഥ'യിൽ തെളിയുന്ന മാനവികവിചാരങ്ങൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ഇടശ്ശേരിക്കവിതയുടെ സവിശേഷതകൾ കാവിലെപാട്ട് എന്ന കവിതയെയാസ്പദമാക്കി വിവരിക്കുക.

11. (a) 'സ്പന്ദിക്കുന്ന അസ്ഥിമാടം' ആത്മാഖ്യാനകാവ്യമെന്ന നിലയിൽ വ്യാഖ്യാനിക്കുക.

അല്ലെങ്കിൽ

(b) പുരോഗമനപ്രസ്ഥാനം മലയാള കാല്പനികതയിൽ വരുത്തിയ പരിവർത്തനങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

12. (a) 'നങ്ങേമക്കുട്ടി' എന്ന കാവ്യത്തിൽ തെളിയുന്ന സ്ത്രീജീവിതത്തിന്റെ അവസ്ഥാന്തരങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) പ്രണയം എന്ന കാല്പനികഭാവത്തെ കൊച്ചുതൊമ്മനിൽ എൻ.വി. പരിചരിക്കുന്നതെങ്ങനെ?

**(5 × 6 = 30 Marks)**

gcwcentrallibrary.in

III. ഓരോ ചോദ്യത്തിനും അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) നിയോക്ലാസ്സിസിസത്തിൽ നിന്ന് കാല്പനികതയിലേക്കുള്ള മലയാളകാവ്യ പരിണാമത്തിന്റെ വഴികൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) ആധുനികകവിത്രയത്തിന്റെ കാവ്യഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

14. (a) മലയാളകാൽപനികതയുടെ രൂപഭാവങ്ങൾ വിശദമാക്കുക.

അല്ലെങ്കിൽ

(b) ചങ്ങമ്പുഴയും വൈലോപ്പിള്ളിയും കവിതയിലെ സമാന്തരരേഖകളാണോ? വിമർശനബുദ്ധ്യാ വിലയിരുത്തുക.

15. (a) എൻ.വി.യും ഒളപ്പമണ്ണയും ഉൾപ്പെടെയുള്ള കവികളിൽ തെളിയുന്ന പ്രതികാൽപനിക പ്രവണതകൾ ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) 'ആധുനികതയ്ക്കുള്ള മുന്നൊരുക്കമായിരുന്നു മലയാളത്തിലെ പ്രതികാല്പനിക കാലഘട്ടം' - ചർച്ച ചെയ്യുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in